# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 08 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

### മകരവിളക്ക്: ഭക്തജനത്തിരക്ക് നിയന്ത്രിക്കാൻ കൂടുതൽ സംവിധാനം

ശബരിമലയിൽ മകരവിളക്കിനോടനുബന്ധിച്ചുള്ള ഭക്തജനത്തിരക്ക് നിയന്ത്രിക്കാൻ പുതിയ ബാരിക്കേഡ് നിർമ്മിക്കുമെന്ന് സ്പെഷ്യൽ പോലീസ് ഓഫീസർ എസ് സുരേന്ദ്രൻ അറിയിച്ചു. വടക്കെനട മുതൽ അയ്യപ്പഭക്തർ വിരിവെക്കാറുള്ള പന്തൽ, ബെയ്‌ലിപാലത്തിലേക്ക് പോകുന്ന റോഡ്, പാണ്ടിത്താവളം എന്നിവ ഉൾപ്പെടുത്തിയാണ് ഇരുമ്പ് ദണ്ഡ് ഉപയോഗിച്ച് ഒന്നര കിലോമീറ്ററോളം ദൂരത്തിൽ പൂതിയ ബാരിക്കേഡ് തീർക്കുന്നത്. വിരിവെക്കുന്ന ഷെഡിൽ വളഞ്ഞ് പുളഞ്ഞ്(സിഗ്സാഗ്)രീതിയിൽ അഞ്ചുതട്ടുകളായി തിരിച്ച് ഭക്തർക്ക് ക്യൂ നിൽക്കുന്നതിനുള്ള ബാരിക്കേഡുമുണ്ടാകും.പതിനായിരകണക്കിന് അയ്യപ്പഭക്തന്മാർക്ക് ഈ ബാരിക്കേഡിലൂടെ വടക്കേനട വഴി എത്രയും വേഗം സന്നിധാനത്ത് ദർശനം നടത്തിപോകാനുള്ള സൗകര്യമാണ് ഒരുക്കുന്നത്. പാണ്ടിത്താവളം മുതൽ മകരജ്യോതി ദർശിക്കാവുന്ന പ്രദേശങ്ങളിൽ നിന്ന് വരുന്ന ഭക്തന്മാരേയും ഈ ബാരിക്കേഡുകളിൽ ഉൾക്കൊള്ളിക്കാൻ കഴിയും. വടക്കേ നടയിൽ നിന്ന് കെട്ടുന്ന ബാരിക്കേഡിൽ ഇടയിലുള്ള പടികൾ മാറ്റും. അപകടം ഒഴിവാക്കാൻ മുൻകരുതൽ സ്വീകരിക്കും. മകരജ്യോതി ദർശിക്കാൻ സാധ്യതയുള്ള ഉയർന്ന പ്രദേശങ്ങളിൽ താത്കാലിക കമ്പിവേലി നിർമിക്കുമെന്നും പോലീസ് പൂർണ സുരക്ഷ ഉറപ്പ് വരുത്തുമെന്നും സ്പെഷ്യൽ പോലീസ് ഓഫീസർ പറഞ്ഞു.

## പള്ളിക്കെട്ട് ശബരിമലയ്ക്ക്...
## സംഗീത സാന്ദ്രം സന്നിധാനം

ചെന്നൈയിൽ നിന്നെത്തിയ പ്രശസ്ത ഗായകരായ കെ.വി.ബാലാജിയും മടിപാക്കം ഹരിഹരനും സന്നിധാനത്തെ അയ്യപ്പസ്തുതികളാൽ ഭക്തിസാന്ദ്രമാക്കി.തെലുങ്കിലും തമിഴിലും മലയാളത്തിലുമായുള്ള മുപ്പതോളം അയ്യപ്പഭക്തിഗാനങ്ങളാണ് ഇവർ അവതരിപ്പിച്ചത്. ഒരു സപര്യപോലെ ജീവിതത്തിൽ അയ്യപ്പ സ്വാമിയുടെ അനുഗ്രഹത്താൽ ഒട്ടനവധി വേദികളിൽ സംഗീതപരിപാടി അവതരിപ്പിക്കുന്ന ഇവർക്ക് സന്നിധാനത്തെ സംഗീതാർച്ചന അനുഗ്രഹം കൂടിയാണ്. കാനനവാസനായ അയ്യപ്പന്റെ തിരുനടയിൽ ഗാനാർച്ചന നടത്തുകയെന്നത് ഇവരുടെ ദീർഘകാലമായുള്ള ആഗ്രഹമായിരുന്നു. മുപ്പത് വർഷമായി സന്നിധാനത്തിൽ മുടങ്ങാതെയെത്തുന്ന ബാലാജിയും ഹരിഹരനും ഇത്തവണ ആത്മനിർവൃതിയോടെയാണ് മടങ്ങിയത്.

എസ്.പി.ബാലസുബ്രഹ്മണ്യത്തിന്റെ ഒപ്പം സംഗീതപരിപാടികൾ അവതരിപ്പിക്കുന്ന ഇവരുടെ ഏറ്റവും പ്രിയപ്പെട്ട അയ്യപ്പഭക്തിഗാനമായിരുന്നു പള്ളിക്കെട്ട് ശബരിമലയ്ക്ക് കല്ലും മുള്ളും കാലുക്ക് മെത്തെ എന്ന ഗാനം. ഈ ഗാനം ആഗ്രഹം പോലെ തന്നെ ഭക്തവത്സലനായ അയ്യപ്പന്റെ മുന്നിൽ പാടാൻ തുടങ്ങിയതോടെ ഭക്തന്മാരും ഏറ്റുപാടി. സന്ധ്യാസമയത്ത് ഇരുമുടിക്കെട്ടുമായി പതിനെട്ടാം പടിക്ക് താഴെ ഊഴം കാത്തുനിന്ന ആയിരക്കണക്കിന് സ്വാമിമാർ ഗാനാർച്ചനയ്ക്ക് താളം പിടിച്ചു.

വ്രതപുണ്യത്തിന്റെ നിറവുകൾക്കൊപ്പം അയ്യപ്പ കീർത്തനങ്ങളെ ഏറ്റുവാങ്ങിയ ഭക്തസഹസ്രങ്ങൾക്ക് നന്ദിയർപ്പിച്ചാണ് രണ്ടരമണിക്കൂർ നീണ്ടുനിന്ന സംഗീതാർച്ചനയ്ക്ക് ഇവർ വിരാമമിട്ടത്. 25 വർഷമായി ഇന്ത്യയ്ക്ക് അകത്തും പുറത്തുമായി നിരവധി വേദികളിൽ തബലവാദകനായ പളനി ഈശ്വരനും ഹാർമോണിയ വാദകനായ മധുരൈ മുത്തുകൃഷ്ണനും, വോക്കലിസ്റ്റ് രാജേന്ദ്രപ്രസാദും സംഗീതനിശയിൽ പങ്കെടുത്തു.

(ചിത്രം. സന്നിധാനത്ത് കെ.വി.ബാലാജിയും മടിപാക്കം ഹരിഹരനും അയ്യപ്പഭക്തിഗാനങ്ങൾ ആലപിക്കുന്നു)

## പമ്പാ സംഗമം നാളെ സമാപിക്കും

പാപനാശിനിക്കരയായ പമ്പയുടെ തീരത്തെ പ്രസിദ്ധമായ പമ്പാസംഗമം തിങ്കളാഴ്ച സമാപിക്കും. രാമമൂർത്തിമണ്ഡപത്തിൽ വൈകിട്ട് 3 ന് തമിഴ്നാട് മുഖ്യമന്ത്രി പനീർശെൽവം സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. പുതുച്ചേരി മുഖ്യമന്ത്രി വി,നാരായണസ്വാമി മുഖ്യാതിഥിയായിരിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ ചടങ്ങിൽ അദ്ധ്യക്ഷതവഹിക്കും. കർണ്ണാടക ഊർജ്ജവകുപ്പ് മന്ത്രി ഡി.കെ ശിവകുമാർ, ആന്ധ്ര പ്രദേശ് എൻഡോവ്മെന്റ് വകുപ്പ് മന്ത്രി പി,മാണിക്യല റാവു, തെലുങ്കാന നിയമ വകുപ്പ് മന്ത്രി എ.ഇന്ദ്രകരൺ റെഡ്ഡി, കർണ്ണാടക റിലീജയസ് എൻഡോവ്മെന്റ് വകുപ്പ് മന്ത്രി രുദ്രപ്പ മാനപ്പ ലമണി, സംസ്ഥാന വനം വകുപ്പ് മന്ത്രി കെ.രാജു, വി.എസ്.ശിവകുമാർ എം.എൽ.എ, ദേവസ്വം ബോർഡ് അംഗങ്ങളായ അജയ് തറയിൽ,കെ.രാഘവൻ, ഉന്നതാധികാര ചെയർ

മാൻ കെ.ജയകുമാർ, തുടങ്ങിയവർ പങ്കെടുക്കും. ദേവസ്വം കമ്മീഷണർ സി.പി.രാമരാജ പ്രേമപ്രസാദ്, ശബരിമല സ്പെഷ്യൽ കമ്മീഷണർ എ.മനോജ്, എ.ഡി.ജി.പി നിതിൻ അഗർവാൾ, റവന്യു സെക്രട്ടറി കെ.ആർ.ജ്യോതിലാൽ, ജില്ലാകളക്ടർ ആർ.ഗിരിജ, ദേവസ്വം ബോർഡ് സെക്രട്ടറി വി.എസ്.ജയകുമാർ, ചീഫ് എൻജിനീയർ ജനറൽ ജി.മുരളീകൃഷ്ണൻ, വി.ശങ്കരൻപോറ്റി എന്നിവർ പങ്കെടുക്കും.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 08 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

## തിരക്കിൽ കർപ്പൂരാരതി ഒഴിവാക്കണം

കർപ്പൂരാരതി നടത്തുന്ന അയ്യപ്പഭക്തന്മാർ ആരതി പൂർണമായി അണച്ചെന്നുറപ്പുവരുത്തി മാത്രമേ സ്ഥലത്തുനിന്നും പോകാവൂവെന്ന് അഗ്നിശമന രക്ഷാസേന സ്പെഷ്യൽ ഓഫീസർ അറിയിച്ചു. വരികളിൽ വച്ച് കർപ്പൂരാരതി നടത്തുന്നത് പൂർണമായും ഒഴിവാക്കണം. കർപ്പൂരം, ചന്ദനത്തിരി എന്നിവ കത്തിച്ച് സ്വാമിമാർക്കിടയിലൂടെ കടന്നുപോകുന്നത് ഒഴിവാക്കണം.അയ്യപ്പഭക്തന്മാർ കൂടുതൽനേരം ക്യൂവിൽ നിൽക്കുമ്പോൾ ആവശ്യത്തിന് വെള്ളം കുടിക്കാൻ ശ്രദ്ധിക്കണം. നടപ്പാതയിലും വഴിയിലും അയ്യപ്പഭക്തന്മാർ കൂടിനിന്ന് വഴി തടസ്സപ്പെടുത്തരുത്. ദർശനം കഴിഞ്ഞ് പമ്പയിലേക്ക് പോകുന്ന ഭക്തന്മാർ ബെയിലി പാലം വഴി പോകണം.ക്യൂവിൽ മുൻവശത്തുനിൽക്കുന്ന അയ്യപ്പന്മാർ ഗേറ്റ് തുറന്ന ഉടനേ ഓടുന്നതും, പുറകിൽനിൽക്കുന്ന അയ്യപ്പന്മാർ തള്ളി മുന്നോട്ടുപോകുന്നതും ഒഴിവാക്കുക.സ്വയം ഭക്ഷണം പാകം ചെയ്യുന്നതിനായി ഗ്യാസ് സ്റ്റൗ, മണ്ണെണ്ണ സ്റ്റൗ എന്നിവ കൊണ്ടുവരുന്നത് ഒഴിവാക്കണം. ആഴിയിൽ സമർപ്പിക്കുന്ന നെയ്തേങ്ങാമുറി അതിന്റെ മധ്യഭാഗത്തായി സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.വിരികളിൽ കർപ്പൂരാഴി പൂർണമായും ഒഴിവാക്കണം മകരജ്യോതി ദർശനത്തിനായി സന്നിധാനത്തുനിന്നും പുൽമേട്ടിൽ പോകുന്ന അയ്യപ്പ ഭക്തരിൽനിന്നും കൊച്ചു മാളികപ്പുറത്തെയും മണികണ്ഠന്മാരെയും കൊണ്ടുപോകുന്നത് കർശനമായി ഒഴിവാക്കണം.

## ശബരിമലയിൽ 57 ലക്ഷം ലിറ്റർ ജലം കരുതൽ ശേഖരം

മകരവിളക്കു മഹോത്സവത്തിന് ശബരിമലയിലുണ്ടാകുന്ന ഭക്തജനത്തിരക്ക് പരിഗണിച്ച് ശരംകുത്തിയിൽ 57ലക്ഷം ലിറ്റർ ജലം കരുതൽ ശേഖരമായി സംഭരിച്ചിട്ടുണ്ടെന്ന് കേരള ജല അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. എല്ലാദിവസവും ഭക്തജനങ്ങൾക്കും മറ്റു ദൈനംദിന ആവശ്യങ്ങൾക്കും ലഭ്യമാക്കുന്ന ജലത്തിനുപുറമേയാണിത്. ജലവിതരണസംവിധാനത്തിനുണ്ടായേക്കാവുന്ന തടസ്സം ഉടൻ പരിഹരിക്കുന്നതിന് പമ്പ, സന്നിധാനം, അപ്പാച്ചിമേട് എന്നിവിടങ്ങളിൽ മെയിന്റനൻസ് ഉദ്യോഗസ്ഥരെ നിയോഗിച്ചു. മകരവിളക്കിനോടനുബന്ധിച്ച് കൂടുതൽ ഭക്തജനങ്ങൾ എത്തിച്ചേരുന്ന ഈമാസം 10 മുതൽ 14വരെ ആവശ്യത്തിന് വെള്ളം ഉറപ്പുവരുത്തും. ഉത്സവസീസണിൽ ശബരിമലയിൽ ജലക്ഷാമമുണ്ടാകാതിരിക്കാൻ മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്.പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ച് നവീകരിച്ചതിനാൽ ജലചോർച്ച തടയുന്നതിനും സാധിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ടവർ പറഞ്ഞു. ക്യൂവിൽ നിൽക്കുന്ന ഭക്തർക്കും മലകയറുന്നവർക്കും ഗുണമേന്മയുള്ള ശുദ്ധജലം എത്തിക്കുന്നതിന് പമ്പമുതൽ മരക്കൂട്ടം വരെ വിവിധ ഇടങ്ങളിലായി 127 വാട്ടർ കിയോസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. 7.1 ലക്ഷം

ലിറ്റർ സംഭരണശേഷിയുള്ള ജലവിതരണ സംവിധാനം കാര്യക്ഷമമമാണെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

## ബോധവൽക്കരണം ഫലപ്രദമായി ശബരിമലയിൽ ഹൃദ്രോഗമരണനിരക്ക് കുറഞ്ഞു

ശബരിമല തീർത്ഥാടനത്തിൽ മുൻ വർഷങ്ങളിൽ നിന്നും വിഭിന്നമായി ഹൃദ്രോഗമരണം കുറഞ്ഞു വരുന്നതായി സന്നിധാനത്തെ സഹാസ് മെഡിക്കൽ സെന്റർ ചീഫ് മെഡിക്കൽ ഓഫീസർ ഡോ.ഒ.വാസുദേവൻ പറഞ്ഞു. മലകറിയെത്തുന്ന ഭക്തരിൽ ഹൃദയാഘാതവും കുറഞ്ഞിട്ടുണ്ട്. മെച്ചപ്പെട്ട ചികിത്സാ സംവിധാനങ്ങളും മലകയറ്റത്തിൽ അയ്യപ്പഭക്തർക്കിടിലുണ്ടായ ബോധവത്കരണവുമാണ് ഇതിന് കാരണമായത്. ഈ മണ്ഡല മകരവിളക്ക് ഉത്സവകാലത്ത് ഇതുവരെ ഹൃദ്രോഗബാധിതനായി ഒരാൾ മാത്രമാണ് മരണമടഞ്ഞത്. മുൻ വർഷങ്ങളിൽ നിരവധി മരണങ്ങൾ മലകയറ്റത്തിനിടയിലും സന്നിധാനത്തും ഉണ്ടായിട്ടുണ്ട്. മലകയറി വന്നയുടൻ  വിശ്രമിക്കാതെ ക്യൂവിൽ നിന്ന് പതിനെട്ടാം പടി കയറിയെത്തുന്നവർക്കിടയിലാണ് ഹൃദ്രോഗ സാധ്യത കൂടുതലായി കാണുന്നത്. മലകയറ്റത്തിനിടയിൽ ചെറുതായി നെഞ്ചുവേദന അനുഭവപ്പെടുന്നവർ പോലും ദർശനം നടത്താനുള്ള തിടുക്കത്തിൽ പതിനെട്ടാം പടി കയറുകയാണ്. ഇത് അപകടകരമാണ്. ഒട്ടനവധി പേർക്ക് മുൻ വർഷങ്ങളിൽ ഇതുമൂലം ഇവിടെ ഹൃദയാഘാതമുണ്ടായിട്ടുണ്ട്. ഇവിടെ സഹാസ് ഒരു അടിയന്തിര ചികിത്സ യൂണിറ്റ് ഇക്കാരണത്താലാണ് തുടങ്ങിയത്. രോഗ ലക്ഷണങ്ങൾ കണ്ടവരെ ഉടൻ തന്നെ സഹാസിലെത്തിച്ച് ചികിത്സ നൽകി വരുന്നുണ്ട്. അയ്യപ്പ ഭക്തർ തങ്ങി നിൽക്കുന്ന ഇടങ്ങളിലെല്ലാം മലകയറ്റത്തിൽ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ച് ബോധവത്കരണം നൽകിയിരുന്നു.

### അനുഗ്രഹമായി സഹാസ്

ശബരിമല കയറിയെത്തുന്ന തീർത്ഥാടകർക്ക് സന്നിധാനത്തെ സഹാസ് കാർഡിയോളജി സെന്റർ അനുഗ്രഹമാണ്. മകര വിളക്കിന് സന്നിധാനത്തേക്ക് അയ്യപ്പ ഭക്തരുടെ തിരക്കായതോടെ സന്നിധാനത്തെ സഹാസ് കേന്ദ്രവും തിരക്കിലാണ്. കഠിനമായ നീലിമല കയറിയെത്തുന്നവർക്ക് ഏതവസരത്തിലും മെച്ചപ്പെട്ട ചികിത്സ നൽകാൻ സദാസന്നദ്ധരാണ് ഇവിടുത്തെ ഡോക്ടർമാർ. അപകടകരമായ വിധത്തിൽ ഹൃദയമിടിപ്പ് കൂടി മരണത്തെ മുഖാമുഖം കണ്ട നിരവധി പേർക്ക് ഈ കേന്ദ്രം ഇതിനകം തുണയായി.  സഹാസ് കേന്ദ്രത്തിൽ നിന്നും പതിനെട്ടാം പടിക്കു മുകളിലായുള്ള ഉപകേന്ദ്രമായ സോപാനം ക്ലിനിക്കിൽ നിന്നും 4411 അയ്യപ്പ ഭക്തൻമാരാണ്  ഇതുവരെ ചികിത്സ തേടിയത്. 1121 പേർ ഹൃദയ സംബന്ധമായ അസുഖവുമായാണ് ഇവിടെ എത്തിയത്.ബാക്കിയുള്ളവർക്ക്  മറ്റ് അസുഖത്തിനുള്ള ചികിത്സയും നൽകി. ഐ.സി.യു വിഭാഗത്തിൽ പ്രവേശിപ്പിച്ച 100 പേരിൽ 20 പേർക്ക് നാലായിരം രൂപയോളം വിലയുള്ള സ്ട്രപ്റ്റോ കിനൈസ് ഇഞ്ചക്ഷനും 20 ലധികം പേർക്ക് ഹെപ്പാരിൻ മരുന്നും സൗജന്യമായി നൽകി. 18 പേർക്ക് വെന്റിലേറ്ററിൽ പ്രവേശിപ്പിച്ച് ചികിത്സ നൽകിയിട്ടുണ്ട്.  ഈ വർഷം ഉത്സവം തുടങ്ങിയതുമുതൽ സന്നിധാനത്ത് തയ്യാറാക്കിയ റിസ്ക് ആംബുലൻസിൽ രോഗം ഗുരുതരമായ ആറുപേരെയാണ് പമ്പയിലെത്തിച്ചത്. മുപ്പതോളം പേരെ അയ്യപ്പാ സേവാ സംഘത്തിന്റെ സഹായത്തോടെ സ്ട്രക്ചറിൽ വെന്റിലേററർ സഹായത്തടെ പമ്പയിലും അവിടെ നിന്നും ആംബുലൻസിൽ കോട്ടയം മെഡിക്കൽ കോളേജിലുമെത്തിച്ച് ചികിത്സ ലഭ്യമാക്കി. ചീഫ് മെഡിക്കൽ ഓഫീസർ ഡോ.ഒ.വാസുദേവന്റെ മേൽനോട്ടത്തിലാണ് സഹാസ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹൃദ്രോഗ വിദഗ്ദരായ ഡോ.ശ്രീകണ്ഠൻ,ഡോ.അങ്കുൽ ഗുപ്ത എന്നിവരും ഇവിടെ സേവനം അനുഷ്ഠിക്കുന്നു. 22 ലധികം ജീവനക്കാരാണ് ഇവിടെ മണ്ഡല, മകരവിളക്ക് ഉത്സവകാലത്ത് സേവനം ചെയ്യുന്നത്സന്നിധാനത്തെ ഉത്സവ സീസണിലല്ലാതെ മാസപൂജക്കാലത്തും ഭക്തർക്ക് പൂർണ്ണമായ ആരോഗ്യപരിരക്ഷ നൽകുന്ന കാര്യം സഹാസ് ലക്ഷ്യമിടുകയാണ്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 08 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

### ഗവർണർ ശബരിമലയിൽ

കേരള ഗവർണർ ജസ്റ്റിസ് പി സദാശിവം ശബരിമലയിൽ ദർശനത്തിനെത്തി. പമ്പാസംഗമം ഉദ്ഘാടനം ചെയ്തശേഷമാണ് ശബരിമലയിൽ എത്തിയത്. സന്നിധാനത്തെത്തിയ ഗവർണറെ എക്സിക്യൂട്ടീവ് ഓഫീസർ ആർ രവിശങ്കർ, സ്പെഷ്യൽ പോലീസ് ഓഫീസർ എസ് സുരേന്ദ്രൻ തുടങ്ങിയവർ സ്വീകരിച്ചു. രാത്രി 11ന് ഹരിവരാസനം തൊഴുത് സന്നിധാനത്ത് തങ്ങുന്ന ഗവർണർ രാവിലെ നിർമാല്യദർശനത്തിനുശേഷം ആറുമണിക്ക് തിരിച്ചുപോകും.

### മന്ത്രി ജി സുധാകരൻ ഒരുക്കങ്ങൾ വിലയിരുത്തി

പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി സുധാകരൻ ശബരിമലയിൽ മകരവിളക്ക് ഉത്സവത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്താൻ സന്നിധാനത്ത് എത്തി. എക്സിക്യൂട്ടീവ് ഓഫീസർ ആർ രവിശങ്കർ സ്വീകരിച്ചു.

### തമിഴ്നാട് നിയമ മന്ത്രി ദർശനം നടത്തി

തമിഴ്നാട് നിയമ, ജയിൽ വകുപ്പ് മന്ത്രി സിവി ഷൺമുഖം ശബരിമലയിൽ ദർശനം നടത്തി.

### മാധ്യമപ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

നാളെ (ജനുവരി 9) രാവിലെ ഒമ്പതിന് സന്നിധാനത്ത് വലിയ നടപ്പന്തലിൽ
നടക്കുന്ന ചടങ്ങിൽ പുതിയ പോലീസ് ടീം ചുമതല ഏൽക്കും തദവസരത്തിൽ മാധ്യമപ്രവർത്തകർ സംബന്ധിക്കണമെന്ന് താൽപര്യപ്പെടുന്നു.

ഇൻഫർമേഷൻ ഓഫീസർ

# ക്യാമ്പ് ഫോളവേഴ്സിന് യാത്രയയപ്പ്

ശബരിമല: ശബരീശന്റെ തിരുസന്നിധിയിൽ  സേനാംഗങ്ങൾക്ക് യാത്രയയപ്പ് നൽകി. 21 വർഷത്തെ സേവനത്തിനുശേഷം സർവീസിൽനിന്ന് വിരമിക്കുന്ന കെഎപി മൂന്നാം ബറ്റാലിയനിലെ വർഗീസിനും 16 വർഷത്തെ സേവനത്തിനുശേഷം വിരമിക്കുന്ന രവീന്ദ്രനുമാണ് യാത്രയയപ്പ് നൽകിയത്. ഈ വർഷം സന്നിധാനത്തുയാത്രയയപ്പ് നൽകിയത് പതിനൊന്നുപേർക്കാണ്. പോലീസ് സേനയിലെ ക്യാമ്പു ഫോളവേഴ്സാണിവർ. മണ്ഡല മകരവിളക്ക് കാലത്ത് സന്നിധാനത്തെ സുരക്ഷാസേനയ്ക്ക് ഭക്ഷണം തയ്യാറാക്കുകയാണ് ഇവരുടെ ജോലി. ഇതുവരെ ആറു ടേണുകളാണ് ഉണ്ടായിരുന്നത്.

ചടങ്ങ് സന്നിധാനം സ്പെഷ്യൽ ഓഫീസർ എസ് സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സർവീസിൽനിന്ന് വിരമിക്കുന്നവരെ അദ്ദേഹം സ്വർണമോതിരവും പൊന്നാടയും അണിയിച്ച് ആദരിച്ചു.

കാപ്ഷൻ

സർവീസിൽനിന്നും വിരമിക്കുന്ന ക്യാമ്പ് ഫോളവേഴ്സ് സേനാംഗങ്ങളായ വർഗീസിനെയും രവീന്ദ്രനെയും സന്നിധാനം എസ്ഓ സുരേന്ദ്രൻ ആദരിച്ചപ്പോൾ.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.